**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1512** **14-03-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങൾക്ക് സെറ്റിൽമെന്റ് ആധാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ സെറ്റിൽമെന്റ് ആധാരം നടത്തി ആദിവാസി കുടുംബങ്ങൾക്ക് ഭൂരേഖകൾ നൽകാനുള്ള തടസ്സം എന്താണന്ന് വ്യക്തമാക്കാമോ; | (എ) | ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ആർ .ഡി ഒ. ഓഫീസുകളിൽ ടി.എൽ.എ കേസുകൾ നിലവിലുള്ളതും, ഭൂമി സംബന്ധിച്ചുള്ള കോടതി വ്യവഹാരങ്ങളും, പ്രസ്തുത മേഖലയിലെ ഭൂമിശാസ്ത്രമപരമായ സവിശേഷതകൾ, വനഭൂമി കയ്യേറ്റങ്ങൾ , പാരമ്പര്യ ഭൂമി പോക്കുവരവ് ചെയ്ത് നിലവിലെ അവകാശികൾക്ക് ലഭ്യമായിട്ടില്ലാത്തത്, അൺസർവ്വേയ്ഡ് ലാൻഡിൽ നിരവധി പേർ അവകാശമുന്നയിക്കുന്നതും, ആദിവാസി കുടുംബങ്ങൾക്ക് ഭൂരേഖകൾ നൽകുന്നതിന് തടസ്സം നിൽക്കുന്നവയാണ്. |
| (ബി) | കഴിഞ്ഞ അഞ്ച് വർഷം ആദിവാസി ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലാ കളക്ടർക്കും തഹസീൽദാർക്കും എത്ര പരാതികൾ ലഭിച്ചു; അതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | ആദിവാസി വിഭാഗത്തിൽപ്പെട്ടവരുടെ ഭൂമി അന്യാധീനപ്പെട്ടതുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടറേറ്റിൽ ലഭ്യമാകുന്ന എല്ലാ അപേക്ഷകളും നടപടികൾക്കായി ബന്ധപ്പെട്ട റവന്യു ഡിവിഷണൽ ഓഫീസർ/സബ് കളക്ടർമാർക്ക് അയച്ചു നൽകിയിട്ടുള്ളതും നടപടികൾ പ്രസ്തുത കാര്യാലയങ്ങളിൽ സ്വീകരിച്ചു വരുന്നതുമാണ്. കഴിഞ്ഞ 5 വർഷക്കാലമായി സർക്കാർ മുഖാന്തിരവും ജില്ലാ കളക്ടർ മുഖാന്തിരവും നേരിട്ടും ഒറ്റപ്പാലം സബ് കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമായ 172 അപേക്ഷകളിന്മേൽ പ്രസ്തുത കാര്യാലയത്തിൽ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ മേൽ കാലയളവിൽ മണ്ണാർക്കാട് താലൂക്ക് ഓഫീസിൽ ലഭ്യമായ 16 അപേക്ഷകളിന്മേൽ അതത് വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടന്നു വരുന്നു . |

സെക്ഷൻ ഓഫീസർ